**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3383 19.10.2016 ന് മറുപടിയ്ക്ക്.

## വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബി,ഗണേഷ് കുമാർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ സാരമായി പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന ജനങ്ങൾക്ക് വനംവകുപ്പിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നുണ്ടോ; ആയതിന്റെ മാനദണ്ഡം വിശദമാക്കാമോ; | (എ) ഉണ്ട്. വന്യജീവി ആക്രമണം മൂലം പരിക്കേൽക്കുന്നവർക്ക് സർക്കാർ 1980 ലെ കേരളാ റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ് നഷ്ടപരിഹാരം നൽകി വരുന്നത്. സർക്കാർ, കാലാകാലങ്ങളിൽ പരിഷ്കരിച്ചിട്ടുള്ള ടി ചട്ടങ്ങൾ പ്രകാരം നിലവിൽ നൽകി വരുന്ന നഷ്ടപരിഹാര തുകകൾ താഴെ പറയും പ്രകാരമാണ്. |

| | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക (രൂപ) |
|---|---|---|
| 1 | സ്ഥായിയായ അംഗഭംഗം | പരമാവധി 75,000/- രൂപ |
| 2 | പരിക്ക് | പരമാവധി 75,000/- രൂപ (ഇവയെല്ലാം മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിലാണ് നൽകി വരുന്നത്) പട്ടിക വർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും ചികിത്സാ ചെലവായി അനുവദിക്കും) |

| | |
|---|---|
| (ബി) ധനസഹായത്തിനുള്ള അപേക്ഷ സൗകര്യം ഓൺലൈൻ ആയി ലഭ്യമാണോ; എങ്കിൽ പ്രസ്തുത സൗകര്യം പദ്ധതിയുടെ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിച്ചിട്ടുണ്ടോ എന്നത് പരിശോധിക്കാനുള്ള എന്തെങ്കിലും | (ബി) ലഭ്യമാണ്. അപേക്ഷയിന്മേലുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്ന തരത്തിലാണ് ഓൺലൈൻ സംവിധാനം ക്രമീകരിച്ചിട്ടുള്ളത്. 36 ഫോറസ്റ്റ് ഡിവിഷൻ |

| | |
|---|---|
| സംവിധാനം നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | ഓഫീസുകളിലും ഇത്തരം ഓൺലൈൻ അപേക്ഷകളിൽ കാര്യക്ഷമമായും, സമയബന്ധിതമായും നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാനും പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ/സാങ്കേതിക സഹായങ്ങൾ നൽകുന്നതിനും ഒരു കേന്ദ്രീകൃത സംവിധാനം ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ആഫീസിൽ പ്രവർത്തിക്കുന്നുണ്ട്. |
| (സി) ധനസഹായം ലഭിക്കാനുള്ള അപേക്ഷകൾ വനംവകുപ്പിൽ കെട്ടിക്കിടക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ പരിശോധനയുടെ വിവിധ ഘട്ടങ്ങളിൽ ഉള്ളതല്ലാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Shahala S.S

സെക്ഷൻ ഓഫീസർ.